# CAREER

റഹീം ചേന്ദമംഗല്ലൂർ
raheemkcmr@gmail.com

## മാസ്റ്റർ ഓഫ് പബ്ലിക് പോളിസി

ബംഗളൂരു ലോ സ്കൂളിൽ രണ്ട് വർഷത്തെ മാസ്റ്റർ ഓഫ് പബ്ലിക് പോളിസി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. 45 ശതമാനം മാർക്കോടെ ഡിഗ്രി യോഗ്യതയുള്ളവർക്ക് മാർച്ച് 26 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷ നൽകാം. ദേശീയ തലത്തിൽ നടത്തുന്ന Policy Aptitude Test (PAT), ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം. 2022 ഏപ്രിൽ 24-നാണ് പ്രവേശന പരീക്ഷ. 75 സീറ്റുകളിലേക്കാണ് പ്രവേശനം. മൂന്ന് വർഷത്തെ എൽ.എൽ.ബി (ഹോണേഴ്സ്) പ്രോഗ്രാമിലേക്കും അപേക്ഷ വിളിച്ചിട്ടുണ്ട്. മാർച്ച് 26 ആണ് അപേക്ഷ നൽകേണ്ട അവസാന തീയതി. National Law School Admissions Test (NLSAT) ന്റെ അടിസ്ഥാനത്തിലാണ് എൽ.എൽ.ബി (ഹോണേഴ്സ്) പ്രവേശനം. കേന്ദ്ര മാനദണ്ഡ പ്രകാരം സംവരണമുണ്ട്. 30 ശതമാനം സീറ്റുകൾ വനിതകൾക്കായി നീക്കി വെച്ചതാണ്. കൂടാതെ പി.എച്ച്.ഡി ഇൻ ലോ, പി.എച്ച്.ഡി (ഇന്റർ ഡിസിപ്ലിനറി) എന്നീ പ്രോഗ്രാമുകൾക്കും ഇപ്പോൾ അപേക്ഷിക്കാം. വിശദമായ വിജ്ഞാപനത്തിന് https://www.nls.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് പ്രോഗ്രാം

ഐ.ഐ.എം റോഹ്തക് നൽകുന്ന അഞ്ച് വർഷത്തെ ഇന്റഗ്രേറ്റഡ് പ്രോഗാം ഇൻ മാനേജ്മെന്റ് (ഐ.പി.എം) കോഴ്സിന് ഇപ്പോൾ അപേക്ഷ സമർപ്പിക്കാം. ഐ.പി.എം ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം. അപേക്ഷകർ പത്താം ക്ലാസ്സ്, പ്ലസ് ടു പരീക്ഷയിൽ 60 ശതമാനം മാർക്ക് നേടിയിരിക്കണം. പ്ലസ് ടു ഏത് സ്ട്രീമിലുള്ളവർക്കും അപേക്ഷ നൽകാം. ടെസ്റ്റ് സ്കോർ, പേർസണൽ ഇന്റർവ്യൂ, അക്കാദമിക മികവ് എന്നിവയുടെ അടിസ്ഥാനത്തിലാണ് അന്തിമ മെറിറ്റ് പട്ടിക തയാറാക്കുക. അപേക്ഷ നൽകേണ്ട അവസാന തീയതി മെയ് 2. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക https://www.iimrohtak.ac.in/ .

## അഗ്രിക്കൾച്ചർ സർവകലാശാലയിൽ ഒഴിവുകൾ

ഡോ. രാജേന്ദ്രപ്രസാദ് സെൻട്രൽ അഗ്രിക്കൾച്ചർ സർവകലാശാലയിൽ അസി. പ്രഫസർ, അസോസിയേറ്റ് പ്രഫസർ, പ്രഫസർ തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ചു. വിവിധ ഡിപ്പാർട്ട്മെന്റുകളിലായി 72-ഓളം ഒഴിവുകളിലേക്കാണ് അപേക്ഷ വിളിച്ചത്. അസി. പ്രഫസർ തസ്തികയിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അസോ. പ്രഫസർ, പ്രഫസർ തസ്തികകളിലേക്ക് അപേക്ഷ നൽകുന്നവർ പൂരിപ്പിച്ച അപേക്ഷ ഫോം The Deputy Registrar (Rectt.), Recruitment Section, Dr. Rajendra Prasad Central Agricultural University, Pusa, Samastipur - 848125, Bihar (INDIA) എന്ന വിലാസത്തിലേക്കും, dy.registrar@rpcau.ac.in എന്ന മെയിലിലേക്കും അയക്കണം. അവസാന തീയതി മാർച്ച് 21. വിവരങ്ങൾക്ക് https://www.rpcau.ac.in/.

## അഗ്രി-വെയർ ഹൗസിംഗ് മാനേജ്മെന്റ്

ഹൈദരാബാദ് ആസ്ഥാനമായ നാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ മാനേജ്മെന്റ് (MANAGE) നൽകുന്ന ഒരു വർഷത്തെ പി.ജി ഡിപ്ലോമ ഇൻ അഗ്രി-വെയർ ഹൗസിംഗ് മാനേജ്മെന്റ് കോഴ്സിന് മാർച്ച് 31 വരെ അപേക്ഷിക്കാൻ അവസരം. ഡിഗ്രി യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് 7000 രൂപ. ഓൺലൈൻ രീതിയിലാണ് പരിശീലനം. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക www.manage.gov.in .

## ഹോട്ടൽ മാനേജ്മെന്റ് കോഴ്സിനുള്ള പൊതുപ്രവേശന പരീക്ഷ

ബി.എസ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്കുള്ള പൊതുപ്രവേശന പരീക്ഷയായ നാഷ്നൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ജോയിന്റ് എൻട്രൻസ് എക്സാമിന് (NCHM - JEE) മെയ് 3 വരെ അപേക്ഷ നൽകാൻ അവസരം. രാജ്യത്തെ 75-ൽ പരം സ്ഥാപനങ്ങളിലേക്കാണ് NCHM - JEE വഴി അഡ്മിഷൻ നടക്കുക. https://nchmjee.nta.nic.in എന്ന വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കാം. യോഗ്യത പ്ലസ് ടു, അവസാന വർഷ വിദ്യാർഥികൾക്കും അപേക്ഷ നൽകാം. ഉയർന്ന പ്രായപരിധി 25 വയസ്സ്. എറണാകുളം, തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പരീക്ഷാ കേന്ദ്രങ്ങളുണ്ട്. വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക.

## ജിപ്മെറിൽ ബി.എസ്.സി കോഴ്സുകൾ

ജിപ്മെർ പോണ്ടിച്ചേരി വിവിധ ബി.എസ്.സി കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. നാല് വർഷ ബി.എസ്.സി നഴ്സിംഗ്, ബി.എസ്.സി അലൈഡ് മെഡിക്കൽ സയൻസസ് (11 കോഴ്സുകൾ) കോഴ്സുകൾക്കാണ് അപേക്ഷ വിളിച്ചത്. അപേക്ഷകർ ബയോളജി, ഫിസിക്സ്, കെമിസ്ട്രി മുഖ്യ വിഷയമായി പഠിച്ച് 50 ശതമാനം മാർക്കോടെ പ്ലസ് ടു, നീറ്റ് - യു.ജി 2021 റാങ്ക് നേടിയിരിക്കണം. ഫോൺ: 6384404062, 0413 2296000. ഇ-മെയിൽ: jipmerbsc@jipmer.edu.in . കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് കാണുക https://www.jipmer.edu.in/ .

## സി-മാറ്റ്/ ജിപാറ്റ് പരീക്ഷകൾ

മാനേജ്മെന്റ് പ്രോഗ്രാമുകളിലെ സെലക്ഷനുള്ള Common Management Admission Test (CMAT), എം.ഫാം പ്രവേശനത്തിനുള്ള Graduate Pharmacy Aptitude Test (GPAT) എന്നീ പ്രവേശന പരീക്ഷകൾക്ക് എൻ.ടി.എ അപേക്ഷ ക്ഷണിച്ചു. 2022 മാർച്ച് 17 വരെ അപേക്ഷ സമർപ്പിക്കാം. എ.ഐ.സി.ടി.ഇ അഫിലിയേഷനുള്ളതടക്കമുള്ള ബിസിനസ് സ്കൂളുകളിലെ മാനേജ്മെന്റ് പ്രോഗ്രാം പ്രവേശനത്തിന് സിമാറ്റ് സ്കോർ സഹായകമാണ്. യോഗ്യത ബിരുദം. ബി.ഫാം യോഗ്യത നേടിയവർക്കും അവസാന വർഷക്കാർക്കും ജിപാറ്റിന് അപേക്ഷിക്കാം. വിവരങ്ങൾക്ക് https://nta.ac.in/ .

Vol. No: 78 Issue No. 41 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid